ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 05.05.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. യുഎഇയിലെ ഫുജൈറയിൽ ഉണ്ടായ ഇറാൻ ആക്രമണത്തെ അപലപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സാധാരണക്കാരെ ലക്ഷ്യമിട്ടുള്ള ആക്രമണം അംഗീകരിക്കാനാവില്ലെന്നും പ്രധാനമന്ത്രി.

   **Prime Minister Narendra Modi condemns the Iranian attack in Fujairah, UAE; asserts that targeting civilians is unacceptable.**

2. പ്രഥമ ഇന്ത്യാ സന്ദർശനത്തിനായി വിയറ്റ്നാം പ്രസിഡൻറ് ടോ ലാം ന്യൂഡൽഹിയിൽ; രാഷ്ട്രപതി, പ്രധാനമന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തും.

   **Vietnam President To Lam arrives in New Delhi on his maiden visit to India; scheduled to hold high-level talks with the President and Prime Minister.**

3. നിയമസഭാ തിരഞ്ഞെടുപ്പ് ഫലം വ്യക്തമായതോടെ കേരളം, പശ്ചിമ ബംഗാൾ, തമിഴ്നാട്, അസം, പുതുച്ചേരി എന്നിവിടങ്ങളിൽ സർക്കാർ രൂപീകരണത്തിനായുള്ള നടപടികൾ ഊർജിതം; കേരളത്തിൽ ചർച്ചകൾ സജീവമാക്കി യു ഡി എഫ്.

**Government formation gathers momentum in Kerala, West Bengal, Tamil Nadu, Assam, and Puducherry following Assembly election results; UDF intensifies discussions in Kerala.**

4. പശ്ചിമ ബംഗാൾ മുഖ്യമന്ത്രി സ്ഥാനം രാജി വെക്കില്ലെന്ന് മമത ബാനർജി; ജനാധിപത്യത്തെ പരിഹസിക്കുന്നുവെന്ന് ബി.ജെ.പി.

   **Mamata Banerjee refuses to resign as West Bengal Chief Minister; BJP hits back, accusing her of mocking democracy.**

5. കേരളത്തിൽ വിവിധ ജില്ലകളിൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; പകൽ ചൂടിൽ ജാഗ്രത വേണമെന്നും നിർദ്ദേശം.

   **IMD predicts thunderstorms and rain across various districts in Kerala until Saturday; residents urged to remain cautious of rising daytime temperatures.**

6. ഐസിസി പുരുഷ ടി20 റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി ഇന്ത്യ; ഐ.പി.എൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിങ്ങ്സിനെതിരെ ഡൽഹി ക്യാപിറ്റൽസിന് ബാറ്റിംഗ് .

   **India retains the top spot in the ICC Men's T20 Rankings; in IPL Cricket, Delhi Capitals opt to bat against Chennai Super Kings.**

**PM –UAE**

യുഎഇയിലെ ഫുജൈറയിൽ ഉണ്ടായ ആക്രമണത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ശക്തമായി അപലപിച്ചു. സാധാരണക്കാരെയും അടിസ്ഥാന സൗകര്യങ്ങളെയും ലക്ഷ്യം വച്ചുള്ള ആക്രമണം അംഗീകരിക്കാനാവില്ലെന്ന് പ്രധാനമന്ത്രി സാമൂഹ മാധ്യമത്തിൽ കുറിച്ചു. ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതവും തടസ്സമില്ലാത്തതുമായ കപ്പൽ ഗതാഗതം ഉറപ്പാക്കേണ്ടത് പ്രാദേശിക സമാധാനത്തിനും സ്ഥിരതയ്ക്കും ആഗോള ഊർജ്ജ സുരക്ഷയ്ക്കും അത്യാവശ്യമാണെന്നും ശ്രീ മോദി വ്യക്തമാക്കി. ഇറാൻ ഡ്രോൺ ആക്രമണത്തെ തുടർന്ന് യുഎഇയിലെ ഫുജൈറ പെട്രോളിയം ഇൻഡസ്ട്രീസ് സോണിൽ ഉണ്ടായ തീപിടുത്തത്തിൽ മൂന്ന് ഇന്ത്യൻ പൗരന്മാർക്ക് പരിക്കേറ്റിരുന്നു.

## VIETNAM-PREZ-VISIT

പ്രഥമ ഇന്ത്യാ സന്ദർശനത്തിനായി ന്യൂഡൽഹിയിൽ എത്തിയ, വിയറ്റ്നാം പ്രസിഡൻറ് ടോ ലാമിനെ, കേന്ദ്ര ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് ഔദ്യോഗികമായി സ്വീകരിച്ചു. ഇന്ത്യ- വിയറ്റ്നാം ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം സാമൂഹമാധ്യമത്തിൽ അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള സമഗ്രവും തന്ത്രപരവുമായ പങ്കാളിത്തത്തിൻറെ പത്താം വാർഷികത്തിലാണ് ടോ ലാമിൻറെ സന്ദർശനം. രാഷ്ട്രപതി ദ്രൗപദി മുർമുവുമായും

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും വിയറ്റ്നാം പ്രസിഡൻറ്, കൂടിക്കാഴ്ച നടത്തും.

## KERALA GOVERMENT

കേരളത്തിൽ സർക്കാർ രൂപീകരണവുമായി ബന്ധപ്പെട്ട് അനൗപചാരിക ചർച്ചകൾ ഊർജ്ജിതമാക്കി കോൺഗ്രസ് നേതൃത്വം നൽകുന്ന യുഡിഎഫ് മുന്നണി. 140 നിയമസഭാ മണ്ഡലങ്ങളിൽ 102 എണ്ണത്തിൽ ഉജ്ജ്വല വിജയം നേടിയ യുഡിഎഫ്, നിയമസഭാ കക്ഷി യോഗത്തിന് ശേഷം മന്ത്രിസഭ രൂപീകരണത്തിനായി ഗവർണറെ സമീപിക്കും. ഡൽഹിയിൽ നിന്നും അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി പ്രതിനിധികൾ എത്തിയതിനു ശേഷം യോഗം നടത്തുമെന്ന് യുഡിഎഫ് വൃത്തങ്ങൾ സൂചന നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഗവർണർക്ക് രാജി സമർപ്പിച്ചു. രാജി അംഗീകരിച്ച ഗവർണർ പുതിയ ക്രമീകരണങ്ങൾ ഉണ്ടാകുന്നതുവരെ മുഖ്യമന്ത്രിയോട് പദവിയിൽ തുടരാൻ നിർദ്ദേശിച്ചു. അതേസമയം നിയമസഭാ തിരഞ്ഞെടുപ്പിൽ വിജയിച്ച സ്ഥാനാർത്ഥികളുടെ ഫല വിജ്ഞാപന റിപ്പോർട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർക്ക് നൽകിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു.കേൽക്കർ അറിയിച്ചു

## TN-POLITICAL ACTIVITIES (INTRO)

തമിഴ്നാട്ടിൽ രാഷ്ട്രീയ നീക്കങ്ങൾ സജീവമായി. നടൻ സി. ജോസഫ് വിജയുടെ തമിഴക വെട്രി കഴകം 108 സീറ്റുകൾ നേടി സംസ്ഥാനത്തെ ഏറ്റവും വലിയ ഒറ്റകക്ഷിയായി.

*ഒരു റിപ്പോർട്ട്............*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## TN-POLITICAL ACTIVITIES (VOICE)

തമിഴ് രാഷ്ട്രീയത്തിൽ പുതിയ ചരിത്രമാണ് കന്നി പോരാട്ടത്തിലൂടെ ടി.വി.കെ സ്വന്തമാക്കിയത്. ചെന്നൈയ്ക്ക് സമീപമുള്ള പനയൂരിലെ പാർട്ടി ആസ്ഥാനത്ത് ഇന്ന് നടന്ന നിയമസഭാ കക്ഷി യോഗത്തിൽ സി. ജോസഫ് വിജയ്യെ നിയമസഭാ കക്ഷി നേതാവായി ഐകകണ്ഠേന തിരഞ്ഞെടുത്തു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നിലവിൽ കേരളത്തിലുള്ളതിനാൽ, സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദമുന്നയിച്ചുള്ള കത്ത് നൽകുന്നത് വൈകിയേക്കും. 234 അംഗ നിയമസഭയിൽ ഭരണകക്ഷിയായ ഡി.എം.കെ 59 സീറ്റുകളും, എ.ഐ.എ.ഡി.എം.കെ 47 സീറ്റുകളുമാണ് നേടിയത്. ടി.വി.കെ അധ്യക്ഷൻ വിജയ് മത്സരിച്ച പെരമ്പൂർ, തിരുച്ചി ഈസ്റ്റ് എന്നീ രണ്ട് മണ്ഡലങ്ങളിലും വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. അതേസമയം, മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ ഗവർണർക്ക് രാജിക്കത്ത് സമർപ്പിച്ചു. ഗവർണർ രാജി അംഗീകരിച്ചിട്ടുണ്ട്. ശക്തമായ പ്രതിപക്ഷമായി തന്റെ പാർട്ടി

പ്രവർത്തിക്കുമെന്ന് സ്റ്റാലിൻ പ്രസ്താവനയിൽ അറിയിച്ചു. ജനവിധി അംഗീകരിക്കുന്നുവെന്ന് എ.ഐ.എ.ഡി.എം.കെ ജനറൽ സെക്രട്ടറി എടപ്പാടി പളനിസ്വാമി പ്രതികരിച്ചു. കുടുംബ രാഷ്ട്രീയത്തിനും വോട്ട് ബാങ്ക് രാഷ്ട്രീയത്തിനും എതിരായ ജനവിധിയാണിതെന്ന് ബി.ജെ.പി നേതാവ് കെ. അണ്ണാമലൈ പറഞ്ഞു.

ന്യൂസ്ഡസ്ക് ആകാശവാണി....

## WB-MAMTA

നിയമസഭാ തിരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസ് നേരിട്ട കനത്ത പരാജയത്തിന് പിന്നാലെ, പശ്ചിമ ബംഗാൾ മുഖ്യമന്ത്രി സ്ഥാനം രാജിവെക്കില്ലെന്ന് മമത ബാനർജി.

തിരഞ്ഞെടുപ്പിൽ വ്യാപകമായ ക്രമക്കേടുകളും വോട്ട് തട്ടിപ്പുമുണ്ടായെന്ന് അവർ ആരോപിച്ചു. തിരഞ്ഞെടുപ്പ് പ്രക്രിയ അട്ടിമറിക്കപ്പെട്ടതായും തിരഞ്ഞെടുപ്പ് കമ്മീഷൻ പക്ഷപാതപരമായാണ് പെരുമാറിയതെന്നും അവർ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം മമതയുടെ നിലപാടിനെ ബി.ജെ.പി രൂക്ഷമായി വിമർശിച്ചു. നിലവിലെ നിയമസഭയുടെ കാലാവധി ഈ മാസം ഏഴിന് അവസാനിക്കുമെന്നും, അതിനുശേഷം ആർക്കും സഭയിൽ തുടരാനാകില്ലെന്നും ബി.ജെ.പി വ്യക്തമാക്കി. മമത ബാനർജി ജനാധിപത്യത്തെ പരിഹസിക്കുകയാണെന്നും ഭരണഘടനാപരമായ സ്തംഭനാവസ്ഥ ഉണ്ടാക്കാൻ ശ്രമിച്ചാൽ അതിനെ നേരിടാൻ നിയമപരമായ വഴികളുണ്ടെന്നും

ബി.ജെ.പി നേതാവ് ബിമൽ ശങ്കർ നന്തി ആകാശവാണിയോട് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**WB-OATH**

അതേസമയം, നിയമസഭാ തെരഞ്ഞെടുപ്പിലെ വൻ വിജയത്തെത്തുടർന്ന്, പശ്ചിമബംഗാളിൽ പുതിയ സർക്കാർ രൂപീകരണത്തിനും സത്യപ്രതിജ്ഞാ ചടങ്ങിനുമുള്ള ഒരുക്കങ്ങൾ ആരംഭിച്ച് ബി ജെ പി. ഗുരുദേവ് രവീന്ദ്രനാഥ ടാഗോറിന്റെ ജന്മദിനമായ ഈ മാസം 9 ന് പുതിയ മന്ത്രിസഭാംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുമെന്നാണ് റിപ്പോർട്ടുകൾ. പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും ചടങ്ങിൽ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**BJP-OBSERVERS**

പശ്ചിമബംഗാൾ, അസം സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് വിജയത്തെത്തുടർന്ന് നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി കേന്ദ്ര നിരീക്ഷകരെ നിയമിച്ച് ബിജെപി. പശ്ചിമബംഗാളിൽ കേന്ദ്ര നിരീക്ഷകനായി കേന്ദ്രമന്ത്രിയും മുതിർന്ന പാർട്ടി നേതാവുമായ അമിത് ഷായെയും കേന്ദ്ര സഹ നിരീക്ഷകനായി, ഒഡീഷ മുഖ്യമന്ത്രി മോഹൻ ചരൺ മാജിയെയും നിയമിച്ചു. അസമിൽ

കേന്ദ്രമന്ത്രി ജെ പി നദ്ദയെ കേന്ദ്ര നിരീക്ഷകനായും, ഹരിയാന മുഖ്യമന്ത്രി നയാബ് സിംഗ് സൈനിയെ സംസ്ഥാനത്തെ കേന്ദ്ര സഹ നിരീക്ഷകനായും നിയമിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**PUDUCHERRY–BJP MLA MEETING**

പുതുച്ചേരി നിയമസഭാ തെരഞ്ഞെടുപ്പിൽ എൻ ഡി എ സഖ്യം നിർണായക വിജയം നേടിയതിന് പിന്നാലെ പുതിയ സർക്കാർ രൂപീകരണം സംബന്ധിച്ച കൂടിയാലോചനകൾക്ക് തുടക്കമായി. പുതുച്ചേരി ബിജെപി സംസ്ഥാന പ്രസിഡൻറ് വി.പി. രാമലിംഗത്തിൻറെ

അധ്യക്ഷതയിൽ പാർട്ടിആസ്ഥാനത്ത് നടന്ന യോഗത്തിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബിജെപി എംഎൽഎമാർ, കേന്ദ്ര നിരീക്ഷകരായ മൻസുഖ് മാണ്ഡവ്യ, നിർമ്മൽ കുമാർ സുരാന, മറ്റ് മുതിർന്ന നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു. മന്നാടിപേട്ട എംഎൽഎയായി തിരഞ്ഞെടുക്കപ്പെട്ട എ. നമശിവായത്തെ ബിജെപി നിയമസഭാ കക്ഷി നേതാവായി തിരഞ്ഞെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

**HEATWAVE**

കേരളത്തിൽ കനത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദേശങ്ങൾ പുറത്തിറക്കി. പകൽ 11 മുതൽ 3 മണി വരെ തുടർച്ചയായി

വെയിലേൽക്കുന്നത് ഒഴിവാക്കണമെന്ന് നിർദ്ദേശമുണ്ട്. അതേസമയം സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ശനിയാഴ്ച വരെ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

**BRICS- SECOND EWG**

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതതയ്ക്ക് കീഴിലുള്ള രണ്ടാമത് എംപ്ലോയ്മെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗം നാളെ തിരുവനന്തപുരത്ത് ആരംഭിക്കും. തൊഴിലാളി ക്ഷേമം, സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കൽ എന്നിവയെക്കുറിച്ച് ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ചർച്ച ചെയ്യുമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു. ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക, സൗദി അറേബ്യ, ഈജിപ്റ്റ്, എത്യോപ്യ, ഇറാൻ, ഇന്തോനേഷ്യ, യുഎഇ എന്നിവയാണ് ബ്രിക്സ് അംഗരാജ്യങ്ങൾ.

**JAISHANKAR-JAMAICA ( INTRO)**

വികസന സഹകരണം ഇന്ത്യയും ജമൈക്കയും തമ്മിലുള്ള പങ്കാളിത്തത്തിന്റെ പ്രധാന സ്തംഭമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ജമൈക്കൻ സന്ദർശനത്തിന്റെ

ഭാഗമായി, ജമൈക്കൻ വിദേശകാര്യ മന്ത്രി കാമിന ജോൺസൺ സ്മിത്തും മറ്റ് ക്യാബിനറ്റ് അംഗങ്ങളുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരു രാജ്യങ്ങളും തമ്മിൽ നിരവധി സുപ്രധാന കരാറുകളിൽ ഒപ്പുവെച്ചതായും, ഡിജിറ്റൽ പരിവർത്തനം, സാംസ്കാരിക കൈമാറ്റം, കായികം, ഡിജിറ്റൽ പേയ്മെന്റുകൾ തുടങ്ങിയ മേഖലകളിലെ ധാരണാപത്രങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ചകൾ നടന്നുവെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി

ഹോൾഡ് വോയിസ്

❁❁❁❁❁❁❁❁❁❁❁❁❁

## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ഇപ്പോൾ നടക്കുന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിങ്ങ്സിനെതിരെ ടോസ് നേടിയ ഡൽഹി ക്യാപിറ്റൽസ് ബാറ്റിംഗ് തിരഞ്ഞെടുത്തു. പ്ലേഓഫിൽ ഇടം നേടാൻ ഇരു ടീമുകൾക്കും ഇന്നത്തെ മൽസരം നിർണ്ണായകമാണ്. നിലവിൽ ചെന്നൈ, ആറാം സ്ഥാനത്തും ഡൽഹി, ഏഴാം സ്ഥാനത്തുമാണ് .

❁❁❁❁❁❁❁❁❁❁❁❁❁

## ICC-T20 RANKINGS

ഐസിസി പുരുഷ ടി20 റാങ്കിംഗിൽ ഒന്നാം സ്ഥാനം നിലനിർത്തി, ഇന്ത്യ. 275 റേറ്റിംഗ് പോയിന്റുകളുമായാണ് ഇന്ത്യ ഒന്നാം സ്ഥാനം സുരക്ഷിതമാക്കിയത്. 262 പോയിന്റുമായി ഇംഗ്ലണ്ട് രണ്ടാം സ്ഥാനത്തും, 258 പോയിന്റുമായി ഓസ്ട്രേലിയ തൊട്ടുപിന്നിലുമാണ്.

## SAINIK SCHOOL CONFERENCE–MoS

അഖിലേന്ത്യാ സൈനിക് സ്കൂൾ പ്രിൻസിപ്പൽമാരുടെ സമ്മേളനം വ്യാഴം, വെള്ളി തീയതികളിൽ തിരുവനന്തപുരത്ത് നടക്കും. കഴക്കൂട്ടം സൈനിക സ്കൂളിൽ നടക്കുന്ന സമ്മേളനത്തിൽ പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് അധ്യക്ഷത വഹിക്കും. രാജ്യത്തുടനീളമുള്ള 33 സൈനിക് സ്കൂളുകളിലെ പ്രിൻസിപ്പൽമാരുൾപ്പെടെയുള്ളവർ സമ്മേളനത്തിൽ പങ്കെടുക്കും.